LIBRARY ARCHIVES Kerala Legislative Assembly

കിറ്റ്കോയുടെ പ്രവർത്തനം

139(2340) ശ്രീ. ബെന്നി ബെഹനാൻ :
ശ്രീ. എ. റ്റി. ജോർജ് :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'കിറ്റ്കോ' യുടെ പ്രവർത്തന രീതി വിശദമാക്കുമോ;

(ബി) 'കിറ്റ്കോ' യുടെ കീഴിൽ നടക്കുന്ന മേജർ പ്രോജക്ടുകൾ ഏതൊക്കെയാണ്; വിശദീകരിക്കുമോ;

(സി) 'കിറ്റ്കോ' യിൽ ഗവൺമെന്റിന് ഷെയർ എത്രയാണ്; വിശദമാക്കുമോ;

(ഡി) 'കിറ്റ്കോ' യിലെ ടെണ്ടർ നടപടികൾ ക്വട്ടേഷൻ ക്ഷണിക്കാതെ സ്വീകരിക്കുന്നത് സംബന്ധിച്ച് ആക്ഷേപങ്ങൾ ഉണ്ടോ; എങ്കിൽ എന്തൊക്കെയെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 'കിറ്റ്കോ' ഒരു എഞ്ചിനീയറിംഗ് കൺസൾട്ടൻസി സ്ഥാപനമാണ്. പ്രോജക്ട് കൺസൾട്ടൻസി, പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസി എന്നിവ 'കിറ്റ്കോ' ഏറ്റെടുത്ത് നടത്താറുണ്ട്.

(ബി) 'കിറ്റ്കോ'യുടെ കീഴിൽ നടക്കുന്ന മേജർ പ്രോജക്ടുകളുടെ വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്. *

(സി) 'കിറ്റ്കോ' യിൽ സംസ്ഥാന സർക്കാരിന് 3% ഷെയറാണുള്ളത്

(ഡി) ടെണ്ടർ നടപടികളില്ലാതെ 'കിറ്റ്കോ' വർക്കുകളൊന്നും ഏറ്റെടുക്കാറില്ല. പരാതികൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

ബി ടു ബി സംഗമം

140(2341) ശ്രീ. കെ. മുരളീധരൻ :
ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ആർ . സെൽവരാജ് :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകർക്കായി ബി ടു ബി സംഗമം സംഘടിപ്പിച്ചിരുന്നോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) എന്തെല്ലാം കാര്യങ്ങളാണ് സംഗമത്തിൽ ചർച്ച ചെയ്യപ്പെട്ടത്;

(സി) എന്തെല്ലാം തുടർ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത്?

ഉത്തരം

(എ) സംഘടിപ്പിച്ചിരുന്നു.

(ബി) ഭക്ഷ്യ സംസ്കരണ മേഖല, കൈത്തറി തുണികളും വസ്ത്ര നിർമ്മാണവും റബ്ബർ തടി അധിഷ്ഠിത വ്യവസായങ്ങൾ, ആയുർവ്വേദവും ഔഷധ സസ്യങ്ങളും ഇലക്ട്രിക്കലും ഇലക്ട്രോണിക്സും പരമ്പരാഗത മേഖല തുടങ്ങിയ ഏഴ് വിഭാഗത്തിൽപ്പെട്ട കേരളത്തിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം വ്യവസായ മേഖലയിലെ ഉൽപ്പാദകർക്ക് അവരുടെ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും കേരളത്തിന് വെളിയിൽ നിന്നുള്ള കച്ചവടക്കാർക്ക് അവ വാങ്ങുന്നതിനുള്ള ട്രേഡ് എഗ്രിമെന്റ് നടത്തുന്നതിനുമാണ് 2015-ലെ വ്യവസായ സംഗമത്തിൽ പ്രധാനമായും ചർച്ച ചെയ്യപ്പെട്ടത്.

(സി) ബി ടു ബി മീറ്റിൽ SME യൂണിറ്റുകൾക്ക് ലഭിച്ച Trade Enquiry-കൾ പൂർത്തീകരിക്കുവാൻ വേണ്ട സഹായ സഹകരണങ്ങൾ നൽകുക, അന്താരാഷ്ട്ര വിപണിയിലെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുവാൻ യൂണിറ്റുകളെ സജ്ജരാക്കുക, തുടർ ചർച്ചകൾക്ക് വഴിയൊരുക്കുക തുടങ്ങിയ നടപടികൾ സ്വീകരിച്ചു വരുന്നു.

യു.എ.എം. സംവിധാനം

141(2342) പ്രൊഫ. സി. രവീന്ദ്രനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.എ.എം. നിലവിൽ വന്നതിനുശേഷം ഇ.എം പാർട്ട് I എന്തെങ്കിലും സംവിധാനം വകുപ്പ് തലത്തിൽ നടപ്പിലാക്കിയിട്ടുണ്ടോ ; വ്യക്തമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് വ്യവസായികളുടെ ഭാഗത്ത് നിന്നും വന്ന പ്രതിഷേധം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) യു.എ.എം. നിലവിൽ വന്നതിനുശേഷം വകുപ്പുതലത്തിൽ നടപടികൾ സ്വീകരിക്കുന്നതിന് ഫയർഫോഴ്സ്, ഫോറസ്റ്റ്, തൊഴിൽ, കൊമേഴ്സ്യൽ ടാക്സസ്, തദ്ദേശസ്വയംഭരണം, ചീഫ് ടൗൺ പ്ലാനർ, ചീഫ് ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ്, ഫാക്ടറീസ് & ബോയിലേഴ്സ്, മൈനിങ് & ജിയോളജി, ആരോഗ്യം തുടങ്ങിയ ലൈൻ ഡിപ്പാർട്ടുമെന്റുകൾക്കും എസ്.എൽ.ബി.സി., കേരള സംസ്ഥാന ഇലക്ട്രിസിറ്റി

LIBRARY ARCHIVES Kerala Legislative Assembly